(ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയിരുന്ന അംഗങ്ങൾ അല്പ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി).

III ശ്രദ്ധ ക്ഷണിക്കൽ

(1) ഹർത്താലുകൾമൂലം ഉണ്ടാകുന്ന നഷ്ടം ഹർത്താൽ ആഹ്വാനം ചെയ്തവരിൽ നിന്നും ഈടാക്കാൻ നിയമനിർമ്മാണം നടത്തണമെന്ന ആവശ്യം

ശ്രീ. എം. എം. ഹസ്സൻ : സർ, കേരളീയ ജനജീവിതത്തിൽ ഹർത്താലുകളും ബന്ദുകളും ഉണ്ടാക്കുന്ന ദുരിതങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. 1997-ൽ കേരളത്തിലെ ജനങ്ങളുടെ ജീവിതം
10 A.M.] വളരെയധികം ദുരിതപൂർണ്ണമാക്കിയ സമരമുറ എന്ന നിലയിൽ ബന്ദിനെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഭരണഘടനാ വിരുദ്ധവും നിയമ വിരുദ്ധവുമായി പ്രഖ്യാപിക്കുകയുണ്ടായി. ആ ഹൈക്കോടതി വിധി ബഹുമാനപ്പെട്ട സുപ്രീം കോടതി ശരിവയ്ക്കുകയും ചെയ്തു. ജനാധിപത്യ സംവിധാനത്തിൽ പ്രതിഷേധിക്കാനും സംഘടിക്കാനും സമരം ചെയ്യാനുമുള്ള മൗലികാവകാശമുണ്ട് എന്നുള്ള വാദഗതിയോടുകൂടിയാണ് ഇവിടെ നിരന്തരമായി പ്രതിഷേധ പ്രകടനത്തിന് ബന്ദ് എന്ന സമരമാർഗ്ഗം പല സംഘടനകളും രാഷ്ട്രീയ പാർട്ടികളും സ്വീകരിച്ചത്. രാഷ്ട്രീയ പ്രവർത്തകരായ നമ്മൾ എല്ലാപേരും ആത്യന്തികമായി ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ പരിഹരിക്കാനും അവരുടെ ജീവിത പ്രാരാബ്ധങ്ങൾ പരിഹരിക്കാനുമുള്ള പ്രവർത്തനത്തിലാണ് ഏർപ്പെടുന്നത്. സാമ്രാജ്യത്വത്തോട് ഏറ്റുമുട്ടി രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ധീരോദാത്തമായ സമരത്തിൽ നമ്മുടെ രാഷ്ട്രപിതാവ് സ്വീകരിച്ച സമര മാർഗ്ഗങ്ങളിൽ ഉള്ളതാണ് ബന്ദും ഹർത്താലും എല്ലാം. ഇന്ന് നമ്മളാണ് നമ്മളെ ഭരിക്കുന്നത്. ഈ ജനാധിപത്യ സംവിധാനത്തിൽ കേരളത്തിൽ നിരന്തരമായി ബന്ദുകളും ഹർത്താലുകളും സാധരണക്കാരന്റെ ജീവിതത്തിനെ വളരെയേറെ ദ്രോഹിക്കുന്ന അവസ്ഥയിൽ എത്തിയപ്പോഴാണ് ചില സംഘടനകൾ കോടിതിയിൽ ഇതിനെ ചോദ്യം ചെയ്യാനായി മുമ്പോട്ടു പോയത്. സംഘടിക്കാനും പ്രതിഷേധിക്കാനും സമരം ചെയ്യാനുമുള്ളത് മൗലികാവകാശം തന്നെയാണ്. അതോടൊപ്പം ഓരോ പൗരന്റെയും സഞ്ചരിക്കാനും പണിയെടുക്കാനുമുള്ള അവകാശവും മൗലികാവകാശമാണ്. അത് തടയാൻ നമുക്കാർക്കും അവകാശമില്ല. ഈ അടുത്തകാലത്ത്, 2004 മേയ് 28-ാം തീയതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഫുൾ ബെഞ്ച് വിധി പ്രസ്താവിച്ചിട്ടുണ്ട്. അതിലെ പെറ്റീഷണേഴ്സ് ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ കോട്ടയം ഡിസ്ട്രിക്റ്റ് കമ്മിറ്റിയാണ്. അതിൽ അവർ ആവശ്യപ്പെട്ടത് ജനദ്രോഹപരമായ ഹർത്താലുകൾ നിർത്തലാക്കണമെന്നാണ്. ബന്ദ് നിരോധിച്ച് കഴിഞ്ഞപ്പോൾ ഹർത്താൽ എന്ന പുതിയ പേര് സ്വീകരിച്ചുകൊണ്ട് ഹർത്താലിന്റെ മൂടുപടമണിഞ്ഞാണ് ബന്ദുകൾ കേരളത്തിൽ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്നത്. 2003-ലെ ഒരു സർവ്വേ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ പ്രാദേശിക അടിസ്ഥാനത്തിൽ ഉൾപ്പെടെ 123 ദിവസമാണ് ഹർത്താലുകൾ നടന്നത്. കേരളം മുഴുവൻ നിശ്ചലമാവുകയാണ്. എല്ലാ സാമ്പത്തിക ചലനങ്ങളും സമസ്ത ജീവിത ചലനങ്ങളും സ്തംഭിപ്പിക്കുന്ന ഈ ഹർത്താലുകളുടെ ഫലമായി ഒരു ദിവസം കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് നഷ്ടമുണ്ടാകുന്നു. ഹർത്താൽ ആചരിക്കുമ്പോൾ വ്യാപാര-വ്യവസായ-വാണിജ്യ മേഖലയിലേയും സർക്കാർ ഉദ്യോഗസ്ഥന്മാരടക്കം അസംഘടിത മേഖലയിലേയും ദിവസ ശമ്പളക്കാർ അടക്കമുള്ളവർക്ക് ദേശീയ നഷ്ടമുണ്ടാകുന്നു. ഹർത്താലിനെത്തുടർന്ന് അക്രമ സംഭവങ്ങളിൽ ജീവഹാനിയുണ്ടാകുന്നു. ധാരാളം ആളുകളുടെ പൊതുസ്വത്ത് നശിക്കുന്നു. സ്വകാര്യ വ്യക്തികളുടെ സ്വത്ത് നശിക്കുന്നു. ഈ സംഘടന കോടതിയോട് ആവശ്യപ്പെട്ടത്, ബന്ദിന്റെ പേരിലുള്ള ഹർത്താലുകൾമൂലം നാശനഷ്ടങ്ങളുണ്ടായാൽ ആ നാശനഷ്ടങ്ങൾക്ക് ഗവൺമെന്റ് നഷ്ടപരിഹാരം നൽകണം എന്നാണ്; ആ നഷ്ടപരിഹാരം ഹർത്താൽ ആഹ്വാനം ചെയ്യുന്നവരിൽ നിന്ന് റീ-ഇംബേഴ്സ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. അതനുസരിച്ച് കേരള ഹൈക്കോടതിയിലെ ബഹുമാന്യരായ ചീഫ് ജസ്റ്റിസ് എൻ. കെ. സ്വാതി, ജസ്റ്റിസ് ജെ. ബി. കോഷി, ജസ്റ്റിസ് എ. കെ. ബഷീർ എന്നിവരടങ്ങുന്ന ഫുൾ ബെഞ്ച് 2004 മേയ് 28-ാം തീയതിയാണ് വിധി പുറപ്പെടുവിച്ചത്. അതിലെ ഒരു ഭാഗം മാത്രം ഞാൻ ഇവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്. "With regard to the injuries and damages caused to private persons and their properties, Government should adequately compensate them immediately. As Government has failed to fulfil its constitutional obligations to protect lives and properties of the citizens, the Government should take steps to recover the same from the persons who cause such damages or injuries and also from the persons and Political Parties or Organisations who call for such Hartals or general strikes" ഇവിടെ ഇപ്പോൾ തന്നെ Prevention of Damages to Public Property Act, 1984 അനുസരിച്ച് പൊതുസ്വത്തിന് നാശനഷ്ടമുണ്ടാക്കിയാൽ നടപടി സ്വീകരിക്കുന്നതിനുള്ള നിയമം നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരള ഗവൺമെന്റ് തന്നെ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ സ്വകാര്യ വ്യക്തികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച് ഈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള ഗവൺമെന്റ് ഒരു നിയമനിർമ്മാണം നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഹർത്താലും ബന്ദുമൊക്കെ നടക്കുമ്പോൾ ഗവൺമെന്റിന് ചില ഉത്തരവാദിത്വങ്ങളുണ്ട്. ആ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായും നിറവേറ്റാൻ ഗവൺമെന്റ് തയ്യാറാകണം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, പശ്ചിമ ബംഗാൾ ഗവൺമെന്റ് ബന്ദുകളോട് സ്വീകരിക്കുന്ന സമീപനം കേരള ഗവൺമെന്റും സ്വീകരിക്കണം എന്നാണ്. രണ്ട് മാസം മുൻപ് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ കൽക്കട്ടയിൽ ഒരു യോഗത്തിൽ പ്രസംഗിച്ചതിന്റെ റിപ്പോർട്ട് പത്രങ്ങളിൽ വന്നു. "Bandh—a disease, State needs a doctor".—ഞാൻ അത് വായിക്കുന്നില്ല. വളരെ ശക്തമായിട്ടാണ് പശ്ചിമബംഗാൾ ഗവൺമെന്റ് ബന്ദുകളെ അടിച്ചമർത്തിക്കൊണ്ട്, ബന്ദുകൾക്കെതിരായിട്ടുള്ള നിലപാട് സ്വീകരിക്കുന്നത്. ഈ വിധിന്യായത്തിൽ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് ഗവൺമെന്റിന് കൊടുത്തിട്ടുള്ള ഡയറക്ഷനിൽ പറയുന്നത്, "Whenever a Hartal or general strike is called, the Government should take adequate measures to see that normal life of the citizen is not paralised. This is to be done, not by declaring holidays or postponing examinations but by giving effective protection to those who are not participating in such hartals and strikes. Government should be able to deal with the situation with strong acts considering the past experience. If the Government is failing in that, they are unable to give adequate protection it should request the Centre for deputing Army or Para Military forces so that there should not be any Constitutional breakdown and violation of fundamental rights of the citizens" എന്നാണ്. വേണ്ടി വന്നാൽ മിലിട്ടറിയെപ്പോലും വിളിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടാനുള്ള നിർദ്ദേശമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സംസ്ഥാന ഗവൺമെന്റിന് കൊടുത്തിട്ടുള്ളത്. ഇവിടെ കേരളത്തെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തേ പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കുകയാണ്, സംഘടിക്കാനും പ്രതിഷേധിക്കാനും സമരം ചെയ്യാനുമുള്ള അവകാശങ്ങൾക്ക് എതിരായിട്ടല്ല ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. മറിച്ച് ഇത് രണ്ടും സമന്വയിപ്പിക്കാൻ കഴിയണം. നിർബന്ധിത ഹർത്താലുകളിലൂടെ കേരളത്തിലാർക്കും എടുത്ത് ഉപയോഗിക്കാവുന്ന ഒരു സമരമുറയായി ഹർത്താലെന്ന സമര മാർഗ്ഗത്തെ അവർ സ്വീകരിച്ചിരിക്കുകയാണ്. ഒരു ചെലവുമില്ല, പത്രത്തിൽ ഒരു ആഹ്വാനം നടത്തിയാൽ മതി. നാട് മുഴുവൻ സ്തംഭിക്കും. ഇതിനെതിരായി ശക്തമായ പ്രതിഷേധം ഉയർന്നുവരികയാണ്. ഇവിടെ വ്യാപാരി-വ്യവസായി ഏകോപന സമിതി, പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ, ഹോട്ടൽസ് ആന്റ് റെസ്റ്റോറന്റ്സ് അസോസിയേഷൻ എന്നിങ്ങനെയുള്ള നിരവധി സംഘടനകളും പ്രതിഷേധം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇനി ആര് ഹർത്താൽ ആഹ്വാനം ചെയ്താലും ഞങ്ങൾ കടകൾ അടയ്ക്കില്ല; ഞങ്ങൾ വാഹനങ്ങൾ ഓടിക്കും എന്നവർ പറയുകയാണ്. ഒരു റെസിസ്റ്റൻസ് ഇക്കാര്യത്തിൽ ഉയർന്നുവന്നിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് സംഘടിക്കാനും പ്രതിഷേധിക്കാനും അവകാശമുണ്ടെന്ന് കരുതി ഇൻഡ്യയിലെ ഒരു സംസ്ഥാനത്തുമില്ലാത്ത ചില പ്രത്യേകതകളാണ് ഇവിടെയുള്ളത്. സെക്രട്ടേറിയറ്റിന് മുന്നിൽ ദിവസേന നടക്കുന്ന പ്രകടനങ്ങൾ ഈ തലസ്ഥാനത്തെ ജനജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുന്നു. അതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പശ്ചിമബംഗാളിനെ മാതൃകയാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പശ്ചിമബംഗാളിൽ സെക്രട്ടേറിയറ്റ് സ്ഥിതി ചെയ്യുന്ന റൈറ്റേഴ്സ് ബിൽഡിംഗിന് ചുറ്റും

.....(ബഹളം).....

* * * * * * * * * * * * * * *

* * * * * * * * * * * * * * *

* * * * * * * .....(ബഹളം).....

*** ഫയൽ നമ്പർ 128/EB/2005/Leg. ലെ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം നീക്കം ചെയ്യപ്പെട്ടു.

2/2309/12/DTP.

LIBRARY ARCHIVES Kerala Legislative Assembly

24 മണിക്കൂറും..... അതുതന്നെയാണ് എനിക്കും പറയാനുള്ളത്. അങ്ങ് അംഗങ്ങൾക്ക് സംരക്ഷണം നൽകണം. ഇവിടെ മെമ്പർമാർ സംസാരിക്കുമ്പോൾ ഇടയ്ക്ക് കയറി ഇരുന്നുകൊണ്ട് ചോദ്യം ചോദിക്കുന്നത് ഈ സഭയുടെ അന്തസ്സിന് യോജിച്ചതല്ല. സ്ഥിരമായിട്ട് ഈ പണി വച്ച് നടത്തുകയാണ്. ഇത് പാടില്ല.....(ബഹളം).....ബംഗാളിലെ റൈറ്റേഴ്സ് ബിൽഡിംഗിന് മുൻപിൽ പ്രകടനം നിരോധിച്ചിരിക്കുകയാണ്. ബംഗാൾ എന്ന് കേൾക്കുമ്പോൾ ഇവരുടെ തറവാട് സ്വത്താണോ ബംഗാൾ?. ഇൻഡ്യയിലെ ഒരു സംസ്ഥാനമാണ് ബംഗാൾ. ബംഗാളിനെ കുറിച്ച് പറഞ്ഞാൽ ഇവർ എന്തിന് ക്ഷോഭിക്കണം? ബംഗാൾ ഇവർക്ക് സ്ത്രീധനം കിട്ടിയ സ്വത്താണോ? അല്ലല്ലോ? ബംഗാളിൽ നടക്കുന്നതുപോലെയാണോ കേരളത്തിൽ നമ്മുടെ സെക്രട്ടേറിയറ്റിന് മുൻപിൽ നടക്കുന്നത്? ഇവിടെ നടക്കുന്നത് 'എന്താണ്? സെക്രട്ടേറിയറ്റിന് മുൻവശം ടോയ്ലറ്റായി ഉപയോഗിക്കുന്നു. ഞാൻ സമരം ചെയ്യുന്നതിന് എതിരല്ല. പക്ഷേ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ഉള്ളതുപോലെ കേരളത്തിലും സെക്രട്ടേറിയറ്റിന്റെ മുമ്പിലല്ല പ്രതിഷേധ പ്രകടനം നടത്തേണ്ടത്.

.....(ബഹളം).....

അതിനൊരു സമാന്തര സ്ഥലം ഇവിടെയുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്, അങ്ങ് ഇക്കാര്യം രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്യണം. ഇതിനൊരു സമാന്തര സ്ഥലം, ഡെൽഹിയിലെ ബോട്ട് ക്ലബ് മൈതാനംപോലെ, കൽക്കട്ടയിലെ 'എക്സ്പ്ലനേഡ് ഗ്രൗണ്ട് പോലെ, തിരുവനന്തപുരത്തും സത്യാഗ്രഹങ്ങളും പ്രതിഷേധങ്ങളും സമരങ്ങളും നടത്താൻ ജനങ്ങൾക്ക് ദ്രോഹകരമല്ലാത്ത രീതിയിൽ, ഇവിടുത്തെ നഗരജീവിതത്തെ സ്തംഭിപ്പിക്കാത്ത രീതിയിൽ, പ്രതിഷേധം പ്രകടിപ്പിക്കാനുള്ള സമാന്തര സ്ഥലമുണ്ടാകണം. ഈ കോടതി വിധി ഞാൻ ഇവിടെ വായിച്ചു. 2004 മേയ് 28-ാം തീയതി ഹൈക്കോടതി പുറപ്പെടുവിച്ച വിധിയനുസരിച്ച് ഒരു നിയമം, ഹർത്താൽ ആഹ്വാനം ചെയ്യുന്നവരിൽ നിന്ന് നാശനഷ്ടങ്ങൾ ഈടാക്കാനുള്ള ഒരു നിയമം, നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള Prevention of Damages to Public Property Act-ന്റെ മാതൃകയിൽ Private Property സംബന്ധിച്ച് ഉണ്ടാക്കുന്നതിന് കേരള സർക്കാർ മുൻകയ്യെടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം സമൂഹത്തിൽ ഏറ്റവും പ്രാധാന്യത്തോടുകൂടി ചർച്ച ചെയ്യേണ്ട ഒന്നാണ്. പ്രതിഷേധിക്കാനുള്ള അവകാശം, എതിർക്കാനുള്ള അവകാശം ജനാധിപത്യത്തിൽ ഏറ്റവും ആവശ്യമായ ഒന്നാണ്. അതിന് ഒരു വിധത്തിലുള്ള പോറലും ഉണ്ടാക്കാൻ ഗവണ്മെന്റ് ആഗ്രഹിക്കുന്നില്ല. എതിർക്കാനുള്ള അവകാശം, പ്രതിഷേധിക്കാനുള്ള അവകാശം, സമരം ചെയ്യാനുള്ള അവകാശം ഇതിനെല്ലാം എല്ലാവിധത്തിലുള്ള സംരക്ഷണവുമുണ്ട്. പക്ഷേ ആ സമരം മറ്റുള്ളവരുടെ അവകാശത്തെ ബാധിക്കരുത്; മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ അത് തടയരുത്. ഇന്ന് നമ്മുടെ നാട്ടിൽ സമരങ്ങൾ, ഹർത്താലുകൾ, വഴിതടയലുകൾ എന്നിവയൊക്കെ നടത്തുന്നതോടൊപ്പം മറ്റുള്ളവരുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യം തടസ്സപ്പെടുത്തരുത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ അഭിപ്രായത്തോട് ഗവണ്മെന്റ് പൂർണ്ണമായും യോജിക്കുകയാണ്. സമരം ചെയ്യുന്നത് മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാത്ത വിധത്തിലായിരിക്കണം. പക്ഷേ ഇന്നത്തെ അവസ്ഥ അതിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമാണ്. അതുകൊണ്ട് ഗവണ്മെന്റ് എല്ലാ രാഷ്ട്രീയപാർട്ടികളുമായി ഇക്കാര്യം ചർച്ച ചെയ്യാൻ ആഗ്രഹിക്കുകയാണ്; ചർച്ച ചെയ്യും. ചർച്ചയുടെ അടിസ്ഥാനത്തിൽ എല്ലാവരുടേയും സഹകരണത്തോടുകൂടി ചില തീരുമാനങ്ങളെടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു പ്രശ്നം സെക്രട്ടേറിയറ്റിനു മുമ്പിലുള്ള സമ്മർദ്ദത്തെക്കുറിച്ചാണ്. ഒരു സമരമോ പ്രകടനമോ വന്നാൽ തിരുവനന്തപുരത്തിന്റെ സിരാകേന്ദ്രം പൂർണ്ണമായി സ്തംഭിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. വർഷത്തിൽ ഒരു ദിവസമോ രണ്ടു ദിവസമോ അല്ലെങ്കിൽ മാസത്തിൽ ഒരു ദിവസമാണെങ്കിലും ഇത് കുറെയൊക്കെ ഒഴിവാക്കാം. പക്ഷേ ഇത് ഇന്ന് ഒരു സ്ഥിരം സംവിധാനം പോലെയായിരിക്കുന്ന സാഹചര്യത്തിൽ ഭരണത്തിന്റെ സിരാകേന്ദ്രം, തലസ്ഥാന നഗരിയുടെ സിരാകേന്ദ്രം തന്നെ സ്തംഭിക്കുന്ന, ജനങ്ങളുടെ പേടിസ്വപ്നമായി തീരുന്ന നിലയിലേക്ക് അധഃപതിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകാൻ പാടില്ല. അതിന് എല്ലാവരുടേയും സഹകരണമാണ് ആവശ്യം. ഈ വിഷയം എല്ലാപേരുമായി ചർച്ച ചെയ്തുകൊണ്ട് ഇതിന് എന്താണ് ഒരു പോംവഴിയെന്ന് ആലോചിക്കും. പൊതുമുതൽ നശീകരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിനെതിരെ ഇന്ന് നിയമമുണ്ട്. എങ്കിലും നമ്മൾ ഇതുവരെ ക്രിമിനൽ നടപടികൾ മാത്രമേ എടുത്തിരുന്നുള്ളൂ. സിവിൽ നടപടികളും എടുക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കാൻ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തുകഴിഞ്ഞു. അതിന് ഉദ്യോഗസ്ഥന്മാരെ കുറ്റം പറയരുത്. കോടതി വിധി നടപ്പിലാക്കണമെന്ന ഉത്തരവാദിത്തം ഗവണ്മെന്റിനുണ്ട്. പൊതുമുതൽ നശിപ്പിച്ചാൽ അതിനെതിരായി ക്രിമിനൽ കേസിനോടൊപ്പം നാശനഷ്ടങ്ങൾ കൂടി ഈടാക്കണം എന്നുള്ള കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് ആ നിർദ്ദേശം കൊടുത്തിട്ടുള്ളത്. അതിന് പ്രത്യേകിച്ച് നിയമത്തിന്റെ ആവശ്യമില്ല. ഇന്നുള്ള നിയമത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ അതിനെതിരായ നടപടികൾ എടുക്കാൻ സാധിക്കും. ക്രിമിനൽ കേസിനോടൊപ്പം തന്നെ പൊതുമുതൽ നശിപ്പിക്കുന്നവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാനുള്ള നടപടിയും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കുന്നതിനെതിരെയുള്ള നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അതെല്ലാം രാഷ്ട്രീയപ്പാർട്ടികളുമായുള്ള ചർച്ചയുടെ പരിധിയിൽ കൊണ്ടുവന്ന് പൊതുവായ ഒരു ആശയമുണ്ടാക്കാൻ പറ്റുമോയെന്ന് ആലോചിക്കും. ഏതായാലും ഇക്കാര്യത്തെക്കുറിച്ച് ഗവണ്മെന്റ് വളരെ ഗൗരവമായാണ് കാണുന്നത്. പ്രതിഷേധിക്കാനുള്ള അവസരത്തേയും അവകാശത്തേയും പൂർണ്ണമായി നിലനിർത്തിക്കൊണ്ട് തന്നെ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കാനും പൊതുമുതൽ നശീകരണത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കാനും ഗവൺമെന്റ് നടപടിയെടുത്തു കഴിഞ്ഞു. സെക്രട്ടേറിയറ്റിന്റെ മുമ്പിൽ നടക്കുന്ന സമരത്തേയും സ്വകാര്യ മുതൽ നശിപ്പിക്കുന്നതിനേയും സംബന്ധിച്ചും അതിനെതിരായുള്ള നിയമനിർമ്മാണത്തെ സംബന്ധിച്ചും രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്തശേഷം തീരുമാനമെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ: ഡൽഹിയിൽ ഒക്കെ ഉള്ളതുപോലെ സ്മരത്തിനുവേണ്ടി മാത്രം ഒരു ഏരിയ മാറ്റിവച്ചാൽ തരക്കേടില്ല.

ശ്രീ. എം. എം.ഹസ്സൻ: സർ, ഹർത്താലുകൾക്കെതിരായാണ് ജനങ്ങൾ ഏറ്റവും കൂടുതൽ പ്രതിഷേധിക്കുന്നതും പ്രതികരിക്കുന്നതും. ഇവിടെ നിർബന്ധിത ഹർത്താലുകൾ ആര് ആഹ്വാനം ചെയ്താലും ഉടൻതന്നെ സ്കൂളുകൾക്കും കോളേജുകൾക്കും അവധി പ്രഖ്യാപിക്കുകയും ബസ് സർവ്വീസ് സ്തംഭിപ്പിക്കുകയും ചെയ്യുന്ന നടപടി ഹർത്താൽ ആഹ്വാനം ചെയ്യുമ്പോൾ തന്നെ വിജയമുണ്ടാക്കുന്ന തോന്നലാണ് ഉണ്ടാക്കുന്നത്. അക്കാര്യത്തിൽ ഗവണ്മെന്റിന് ഒരു ഉത്തരവാദിത്തമുണ്ട്. പണിയെടുക്കാൻ ആഗ്രഹിക്കുന്നവർ, കട തുറക്കാൻ ആഗ്രഹിക്കുന്നവർ, സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവർ— ഇവർക്കെല്ലാം ആവശ്യമായ പ്രൊട്ടക്ഷൻ നൽകാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻചാണ്ടി: മറ്റുള്ളവരുടെ അവകാശത്തേയും സ്വാതന്ത്ര്യത്തേയും ചോദ്യം ചെയ്യുന്ന വിധത്തിലാണ് ഇന്ന് ഹർത്താലുകളും പണിമുടക്കുകളും വന്നുപെട്ടിരിക്കുന്നത്. സ്വയം ഹർത്താൽ ചെയ്യുന്നതിന്, സ്വയം പണിമുടക്കുന്നതിന് ജനാധിപത്യ വ്യവസ്ഥയിൽ സ്വാതന്ത്ര്യമുണ്ട്. പക്ഷേ മറ്റുള്ളവരുടെ പണിയെടുക്കാനുള്ള സ്വാതന്ത്ര്യം, സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം, ഇവ ചോദ്യം ചെയ്യുന്ന സാഹചര്യത്തെ ഒരു വിധത്തിലും അംഗീകരിക്കുന്ന പ്രശ്നമില്ല. അതിനെതിരായി കർശനമായ നിയമനടപടികൾ സ്വീകരിക്കും.

(2) ആദിവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ: സർ, നേരത്തെ ബഹുമാനപ്പെട്ട ശ്രീ. എം.എം.ഹസ്സൻ ഒരു പരാമർശം നടത്തിയത് ദൗർഭാഗ്യകരമായിപ്പോയി. [* * * *